പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1025 — 12.07.2016-ലെ മറുപടിയ്ക്ക്

# കർഷക ആത്മഹത്യ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** 2011 മെയ് മുതൽ 2016 മെയ് വരെ സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്; വിശദ വിവരം നൽകുമോ; | **(എ)** ഈ കാലഘട്ടത്തിൽ കേരളത്തിൽ 69 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. |
| **(ബി)** കാർഷിക കടാശ്വാസ നിധിയിൽ നിന്ന് ഇവരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരം നൽകുമോ; | **(ബി)** കാർഷിക കടാശ്വാസ നിധി എന്നൊരു ഫണ്ട് നിലവിലില്ല. എന്നാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 25 കുടുംബങ്ങൾക്ക് 1 ലക്ഷം രൂപ വീതവും 5 കുടുംബങ്ങൾക്ക് 50,000/- രൂപ വീതവും സഹായം നൽകിയിട്ടുണ്ട്. |
| **(സി)** കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദ വിവരം നൽകുമോ? | **(സി)** കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ താഴെപറയുംവിധം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു.<br>1) കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകും.<br>2) കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതാണ്.<br>3) ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കും.<br>4) അർഹതയുള്ള ചെറുകിട കർഷകർക്ക് പലിശ രഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കും.<br>5) കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കും. |

**സെക്ഷൻ ഓഫീസർ**